compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 05
Tuesday, 05th May 2026

1201 മേടം 22
22nd Medam 1201

1948 വൈശാഖം 15
15th Vaisakha 1948

വാല്യം **15**
Vol. XV

നമ്പർ **18**
No.

Part III

Store Purchase

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനർ ദർഘാസ് പരസ്യം

[നമ്പർ 176/2026-27]

നമ്പർ PTGD/947/2026-G4. 2026 ഏപ്രിൽ 25.

അച്ചടി വകുപ്പിന് കീഴിലെ ഗവൺമെന്റ് പ്രസ്സുകളിലേക്ക് ഡാംപെനിംഗ് ഹോസ് വിതരണം ചെയ്യുന്നതിന് പുനർ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പുനർ ദർഘാസുകൾ 7-5-2026 ഉച്ചയ്ക്ക് 1 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3 മണിക്ക് ദർഘാസുകാരുടെയോ അവർ ചുമതലപ്പെടുത്തിയ ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പുനർ ദർഘാസ് അയയ്ക്കുന്ന കവറിനുമുകളിൽ "പുനർ ദർഘാസ് നമ്പർ 176/2026-27, ഡാംപെനിംഗ് ഹോസ് വിതരണം സംബന്ധിച്ച്" എന്ന് ഉപലേഖനം ചെയ്തിരിക്കണം. താമസിച്ചുകിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

പുനർ ദർഘാസുകൾ നിർദ്ദിഷ്ട ഫോറത്തിൽ സാമ്പിൾ സഹിതം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറങ്ങൾ ₹ 400+ജി.എസ്.ടി. 18% നിരക്കിലും ഡ്യൂപ്ലിക്കേറ്റ് ₹ 200+ജി.എസ്.ടി. 18% നിരക്കിലും തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. പുനർ ദർഘാസ് ഫോറത്തിന്റെ വിലയായി ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, പോസ്റ്റൽ ഓർഡർ, തപാൽ സ്റ്റാമ്പ് എന്നിവ സ്വീകരിക്കുകയോ ഫോറം വി.പി.പി. ആയി അയയ്ക്കുകയോ ചെയ്യുന്നതല്ല. പുനർ ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ്. പുനർ ദർഘാസ് ഫോറങ്ങളുടെ വിൽപ്പന 7-5-2026-ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് അവസാനിക്കുന്നതാണ്. ₹ 200 വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ എഗ്രിമെന്റും മൊത്തം തുകയുടെ 1% നിരതദ്രവ്യവും പുനർ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തവ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

മൊത്തം അടങ്കൽ തുക— ₹ 1,19,000.

ടെണ്ടർ ഫോറം വിൽപനയ്ക്ക് ലഭിക്കുന്ന സ്ഥലം—ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.

[No. 176/2026-27]

No. PTGD/947/2026-G4. *25th April 2026.*

Sealed Re-tenders are superscribed as Re-Tender No. 176/2026-27 for the supply of Dampening Hose is invited by the undersigned. The Re-tenders along with samples should reach this office on or before 7-5-2026 at 1 p. m. and the same will be opened at 3 p. m. on the same day in the presence of tenderers' or their authorised representatives who may be present at that time. Re-tenders shall be submitted in the prescribed form which can be had from the office of the undersigned on cash payment of ₹ 400+GST @ 18% for original form and ₹ 200+GST @ 18% for duplicate. Cheque, Demand Drafts, Postage Stamps, Postal Orders etc. will not be accepted towards the cost of forms nor will the forms be sent by V.P.P. The tender forms are not transferable. Sale of Re-tender forms will be closed at 12 Noon on 7-5-2026. An agreement in Kerala Stamp Paper worth ₹ 200 should be executed along with the tenders. Late tenders and tenders not accompanied by Earnest Money Deposit @ 1% of total cost and preliminary agreement in Kerala Stamp Paper worth ₹ 200 will not be accepted on any account.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Total PAC—₹ 1,19,000.

Name of Items

1. Dampening Hose 190mm—150 Mtr
2. Dampening Hose 210mm—150 Mtr

Office from which tender forms are available for sale—Superintendent of Govt. Presses, Govt. Central Press, Tvpm.

Date upto which the rates are to be remained same—30-6-2026.

Name and Designation of the Officer to whom the tenders are to be submitted—Ameer, C. A.,
Director of Printing,
Government Central Press,
Thiruvananthapuram.

Name of Office—Directorate of Printing,
Government Central Press,
Thiruvananthapuram-1.

General Conditions

1. The rate quoted should be inclusive of all taxes, transportation, loading and unloading expenses f.o.r. Government Central Press, Thiruvananthapuram.
2. Samples should be supplied.
3. The item should be supplied within 7 days on the receipt of confirmation.
4. The payment will be made only after satisfactory receipt and survey report.
5. Bank details should be furnished in the Bill.
6. The rates should be valid up to 30-6-2026.
7. The purchaser has the right to cancel the supply order at any time without assigning any reason.

Office of the Director of Printing,
Govt. Central Press,
Thiruvananthapuram-1.

(Sd.)
For *Superintendent of Government Presses.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ SJA-2- A-03/2025-26. 2026 ഏപ്രിൽ 22.

വിഷയം:— സബ് ജയിൽ, ആലപ്പുഴ— പുതിയതായി ആരംഭിക്കുന്ന സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് കണക്ഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായുള്ള റീ-ടെണ്ടർ ക്ഷണിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 29-11-2025 തീയതിയിലെ KPCS/8316/2025-P5 എന്ന ഉത്തരവ്.

(2) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 11-2-2026 തീയതിയിലെ KPCS/8316/2025-P5 എന്ന ഉത്തരവ്.

(3) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 26-2-2026 തീയതിയിലെ KPCS/8789/2025-P5 എന്ന ഉത്തരവ്.

(4) ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 7-4-2026 തീയതിയിലെ KPCS/8316/2025-P5 എന്ന ഉത്തരവ്.

സൂചന (1) ഉത്തരവ് പ്രകാരം പുതിയതായി ആരംഭിക്കുന്ന ആലപ്പുഴ സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് പൈപ്പ് ലൈൻ (MS മെറ്റീരിയൽ), ഗ്യാസ് ബാങ്ക്, ISI മുദ്രയോട് കൂടിയ വിവിധതരം ഗ്യാസ് ബർണർ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനു വേണ്ടി PESO ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ മതിയായ പങ്കാളിത്തം ഇല്ലാതിരുന്നതിനാൽ സൂചന (2), (3) എന്നീ ഉത്തരവുകൾ പ്രകാരം വീണ്ടും റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ലഭിച്ച ടെണ്ടറുകളിൽ ടെണ്ടർ പ്രവൃത്തി/ഉപകരണങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഇല്ലാത്ത സാഹചര്യത്തിലും പ്രവൃത്തിയുടെ വിശദാംശങ്ങൾ, സ്ഥാപിക്കേണ്ട ഉപകരണങ്ങളുടെ/പാചക സംവിധാനങ്ങളുടെ വിവരങ്ങൾ, വ്യക്തമായ സ്പെസിഫിക്കേഷനുകൾ, ബാധകമായ മറ്റ് മാനദണ്ഡങ്ങൾ എന്നിവ ഉൾപ്പെടുത്തി വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സൂചന (4) പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ സബ് ജയിലിലെ ജനറൽ കിച്ചണിൽ ഗ്യാസ് പൈപ്പ് ലൈൻ (MS മെറ്റീരിയൽ), ഗ്യാസ് ബാങ്ക്, ISI മുദ്രയോട് കൂടിയ വിവിധതരം ഗ്യാസ് ബർണർ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനു വേണ്ടി PESO ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് വീണ്ടും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. മുദ്രവെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പരും പേരും എഴുതി സൂപ്രണ്ട്, സബ് ജയിൽ, ആലപ്പുഴ, പിൻ- 688 012 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

ദർഘാസ് നമ്പർ— SJA-2-A-03/2025-26.

അടങ്കൽ തുക— ₹ 3,29,220.

ദർഘാസ് ഫോമിന്റെ വില:

ഒറിജിനൽ— ₹ 500+18% GST.

ഡ്യൂപ്ലിക്കേറ്റ്— ₹ 250+18% GST.

ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തീയതി— 22-4-2026.

ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും— 5-5-2026 പകൽ 3 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും— 6-5-2026 പകൽ 4 മണിക്ക്.

വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയം— എഗ്രിമെന്റ് മുതൽ 20 ദിവസം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം— സൂപ്രണ്ട്, സബ് ജയിൽ, ആലപ്പുഴ.

നിശ്ചിത തീയതിയിലും സമയത്തും നിശ്ചിത ഫോറത്തിൽ മുദ്രവെച്ച ദർഘാസ് ആലപ്പുഴ സബ് ജയിൽ സൂപ്രണ്ടാഫീസിൽ സ്വീകരിക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം VPP ആയി അയയ്ക്കുകയോ, ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിന്റെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആലപ്പുഴ സബ് ജയിൽ സൂപ്രണ്ട് അവർകളുടെ SJA-2-A-03/2025-26 ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും. അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി അടങ്കൽ തുകയുടെ 1.5% അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളു. പ്രസ്തുത റീ-ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ചുനൽകുന്നതാണ്.
3. ഏറ്റവും കുറവ് തുകയ്ക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയതി മുതൽ 30 ദിവസത്തിനകം ബഹു. ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ജയിൽ ആസ്ഥാന കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം-12 അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.
4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് റീ-ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.
6. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ തന്നിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വെക്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതിന് ശേഷം 3% സെക്യൂരിറ്റി ഡെപ്പോസിറ്റും (EMD ഉൾപ്പെടെ), വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെക്കേണ്ടതുമാണ്. ഇതിന് തയ്യാറാകാതിരുന്നാൽ, അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. പുനർ ടെണ്ടർ നടത്തുന്നതുമൂലം സർക്കാരിനുണ്ടാ യേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.
7. ടെണ്ടർ പ്രകാരമുള്ള വർക്ക് പൂർത്തിയാക്കിയതിന് ശേഷം തുക ട്രഷറി മുഖേന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.
8. GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽ മതി.
9. തക്കതായ കാരണങ്ങളില്ലാതെ നിശ്ചിതസമയത്ത് വർക്ക് പൂർത്തികരിച്ചില്ലെങ്കിൽ അധികമായി എടുക്കുന്ന ഓരോദിവസത്തിനും 200 രൂപ പിഴ അടക്കേണ്ടതാണ്.
10. സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

സൂപ്രണ്ടിന്റെ കാര്യാലയം,
സബ് ജയിൽ, (ഒപ്പ്)
ആലപ്പുഴ-688 012. സൂപ്രണ്ട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.05 03:36:28 +05:30